## 352

*രീതി: ഉണർവ്വ് അരുൾക ഇന്നേരം*

കൃപയുള്ള യഹോവേ! ദേവാ! മമ നല്ലപിതാവേ ദേവാ!
കൃപ കൃപയൊന്നിനാൽ തവസുതനായി ഞാൻ-കൃപയുള്ള

1 ദൂരവേ പോയ് അകന്നൊരെന്നെ നീ ഓർക്കവെ ഓർക്കവെ
സ്വീകരിച്ചിതേവിധം നീ കനിഞ്ഞതത്ഭുതം അത്ഭുതം
അതു നിത്യമോർത്തു ഞാൻ ആയുസ്സെല്ലാം പാടിടും
പദം മുത്തി പണിഞ്ഞിടും ദേവാ!

2 ഇന്നു ഞാൻ നിന്നോടൊത്തു പന്തിയാൽ മോദമായ് മോദമായ്
വന്നു തിന്നു തൃപ്തനായ് എത്രയോ ഭാഗ്യവാൻ! ഭാഗ്യവാൻ!
പന്നി തിന്ന ഭോജ്യവും അന്നു ഞാൻ കൊതിച്ചതും
എന്നേയ്ക്കുമായ് മറന്നുപോയ് ദേവാ!-

3 താഴ്ചയിൽ എന്നെയോർത്ത നിന്റെ മാസ്നേഹമേ, സ്നേഹമേ
ക്രൂശിലേക ജാതനെ കൊന്നതാം യാഗമേ യാഗമേ
ആകയാലിന്നേഴ ഞാൻ ആകുലമകന്നിതാ
ആയി നിന്റെ സന്നിധിയിൽ ദേവാ!-

4 ദൈവമേ നിൻപദത്തിൽ നന്ദിയായ് വന്ദനം വന്ദനം
ചെയ്യുമെന്നതെന്നിയേ എന്തു ഞാൻ തന്നിടും തന്നിടും?
എന്നും എന്നും രാപ്പകൽ ആരാധിച്ചെന്നാകിലും
നിൻകൃപയ്ക്കു പകരമായ് തീരാ-

**T.K.S.**